# 1 ക്ഷമിക്കണം; ലീഗ്തിണ്ണയിലെ കുടികിടപ്പു ഭീഷണിയാണ് കാര്യം

സിറാജ്

ഒ എം തരുവണ

**ദേ**ശീയ തലത്തിൽ 206 സീറ്റിലും സംസ്ഥാനത്തെ ഇരുപതിൽ പതിമൂന്നിലും വിജയിച്ച കോൺഗ്രസ് പാർട്ടി രാജ്യത്തൊരിടത്തും ആഹ്ലാദ സമ്മേളനം നടത്തിയിട്ടില്ല. 2004ലെ പതനത്തിൽ നിന്നു അഭിമാനകരമായ വിജയത്തിലെത്തിയ മുസ്‌ലിം ലീഗും വിജയം ആഘോഷിക്കാൻ പൊതു സമ്മേളനം വിളിച്ചിട്ടില്ല. ജയിച്ച പാർട്ടികൾ വേറെയുമുണ്ടല്ലോ. വിജയികൾക്കു വേണ്ടി പ്രവർത്തിച്ചവരുമുണ്ട്. അവരാരും സമ്മേളനം നടത്തി വിജയം ആഘോഷിച്ചിട്ടില്ല. അങ്ങനെ പതിവുമില്ല; ജയിച്ചവർ ആഹ്ലാദ പ്രകടനം നടത്തും. ഏറിയാൽ മധുരം പങ്കുവെക്കും, സമ്മേളനം നടത്തുന്ന ഏർപ്പാടില്ല. എന്നാൽ, 15 –ാം ലോക്സഭാ തിരഞ്ഞെടുപ്പിൽ മുസ്‌ലിം ലീഗ് സ്ഥാനാർഥികൾ വിജയിച്ചതിന് ഇ കെ സമസ്തക്കാർ സംസ്ഥാനതലത്തിൽ തന്നെ രണ്ടു മഹാസമ്മേളനങ്ങൾ നടത്തി ചരിത്രം സൃഷ്ടിച്ചിരിക്കുന്നു. മലപ്പുറത്തും കോഴിക്കോട്ടും! അതിശയം ഇതല്ല; ഈ സമസ്തക്കാകട്ടെ രാജ്യത്തെ ഒരു രാഷ്ട്രീയ പാർട്ടിയോടും വിധേയത്വമോ വിരോധമോ ഇല്ല. ഇതാണവരുടെ രാഷ്ട്രീയ നയം. പലവുരു ഇക്കാര്യം ഇവർ തന്നെ വ്യക്തമാക്കിയതാണ്. മലപ്പുറം ജില്ലയിൽ ലീഗ് ജയിച്ചതിനു ലീഗിനില്ലാത്ത ആഹ്ലാദം ഇ കെ സമസ്തക്കെങ്ങനെയുണ്ടായി എന്നാണിപ്പോൾ നാട്ടുകാരുടെ സംശയം– ഇവർക്കാണെങ്കിൽ ഒരു രാഷ്ട്രീയപ്പാർട്ടിയുമായും യോജിപ്പോ വിയോജിപ്പോ ഇല്ലല്ലോ. സംശയിക്കേണ്ട, ഇതാണ് ഇ കെ സമസ്ത എന്ന വിരോധാഭാസം. ഏതു വേഷവും ചേരും; എന്തഭ്യാസവും കളിക്കും. നാട്ടിലെ ഏതൊക്കെ ഗർഭത്തിന്റെ ക്രെഡിറ്റാണ് ഇവരിനി ഏറ്റെടുക്കുക എന്നാരുകണ്ടു?

തിരഞ്ഞെടുപ്പ് പ്രഖ്യാപിച്ചതോടെ കേരളീയ സമൂഹം ഒന്നാകെ ചൈതന്യവത്തായത് നാം കണ്ടതാണ്. രാഷ്ട്രീയ പാർട്ടികൾ മാത്രമല്ല; മത– സാമൂഹിക– സാംസ്കാരിക സംഘടനകളടക്കം വമ്പിച്ച തിരക്കിലായിരുന്നു. തിരഞ്ഞെടുപ്പിൽ ഓരോ വിഭാഗത്തിനും അവരുടെതായ നയ നിലപാടുകളും പങ്കാളിത്തവുമുണ്ടായിരുന്നു. നേതാക്കളെ തേടി പാർട്ടികളും സ്ഥാനാർഥികളും പരക്കം പാഞ്ഞു. നിലപാടുകളറിയാൻ മീഡിയകൾ നേതാക്കളെ വട്ടമിട്ടു. ചർച്ചകളും വാഗ്വാദങ്ങളും പൊടിപൊടിച്ചു. ഏതെങ്കിലും മുന്നണിക്ക് അനുകൂലം അല്ലെങ്കിൽ പ്രതികൂലം, ചിലർ നിഷ്പക്ഷം, മറ്റു ചിലർ മനസ്സാക്ഷിക്കനുസരിച്ച്. ശ്രദ്ധിച്ചോ, ഈ കൂട്ടപ്പൊരിച്ചിലിനിടയിൽ ഇ കെ സമസ്ത എന്നൊരു സാധനത്തെ ആരെങ്കിലും എവിടെയെങ്കിലും കണ്ടോ? ഇല്ല. ഇവരുടെ നേതാക്കളെ തേടി ഏതെങ്കിലും മീഡിയകൾ ചെന്നോ, ചെന്നില്ല. അടിച്ചുവാരുന്ന ചൂലിന് ആഘോഷത്തിലെന്താ കാര്യം? ആവശ്യം കഴിഞ്ഞാൽ ആളില്ലാ മൂലയിൽ ചാരിവെക്കുകയല്ലാതെ. ഇലക്ഷൻ കാലത്ത് ഒട്ടുമിക്ക രാഷ്ട്രീയ നേതാക്കളും പല സ്ഥാനാർഥികളും മീഡിയകളും കാന്തപുരത്തെ തേടി നടന്നതാണ് മലപ്പുറം സമ്മേളനത്തിൽ ചെറുശ്ശേരി മുസ്‌ലിയാരെ സങ്കടപ്പെടുത്തിയത്. എന്തു ചെയ്യാം മുസ്‌ലിയാരേ, പാലുള്ള അകിട്ടിൽ കറവ നടക്കും, അതുകണ്ടു മച്ചി ചുരത്താൻ ശ്രമിച്ചിട്ടെന്താ കാര്യം.

ഇവർ കോഴിച്ചെനയിൽ സമ്മേളനം നടത്തിയതാണത്രെ ജില്ലയിലെ ലീഗ് സ്ഥാനാർഥികൾ ജയിക്കാൻ കാരണം! 'തിരഞ്ഞെടുപ്പിനു ഒരാഴ്ച മുമ്പ് മുസ്‌ലിംലീഗ് ജനറൽ സെക്രട്ടറി പി കെ കുഞ്ഞാലിക്കുട്ടി ഇവരുടെ കുട്ടി നേതാക്കളെ സ്വകാര്യമായി കണ്ടു സഹായം അഭ്യർഥിച്ചു. അങ്ങനെ കുട്ടിപ്പടയങ്ങിറങ്ങി, ലീഗ് സ്ഥാനാർഥികൾ വിജയിക്കുകയും ചെയ്തു. ഇതു കോഴിക്കോട്ട് സമ്മേളനത്തിലെ അവകാശവാദമാണ്. സംഗതി ശരിയാണെങ്കിൽ ഇതൊരു വിശേഷപ്പെട്ട വാർത്ത തന്നെയാണ്. ഈ 'വിജയ രഹസ്യം' മുസ്‌ലിം ലീഗ് ഗൗരവമായി തന്നെ ചർച്ചക്കെടുക്കണം. ഒരു കോഴിച്ചെന യോഗവും സ്വകാര്യ അപേക്ഷയും കൊണ്ട് രണ്ടു സ്ഥാനാർഥികളെ ജയിപ്പിക്കാനുള്ള മാന്ത്രിക വടി ഇ കെ കാരുടെ കൈവശമുണ്ടെങ്കിൽ തർക്കമില്ലാതെ അതു സമ്മതച്ചുകൊടുക്കണം– മിടുക്കു തന്നെ. എന്നാൽ, 2004ലും 2006ലും ഈ സമസ്തയും അവരുടെ മാന്ത്രിക വടിയും ഉണ്ടായിരുന്നല്ലോ. എന്നിട്ടും എങ്ങനെ ലീഗ് വെടിപ്പായി തോറ്റു? ഇന്നു ജയിപ്പിച്ചവർക്കല്ലാതെ അന്നു തോൽപ്പിക്കാനാവില്ലല്ലോ. ഇപ്പോൾ മാന്ത്രികവടി ചുഴറ്റി ശൂന്യതയിൽ നിന്നു വിജയം വെള്ളിത്താലത്തിൽ സമർപ്പിച്ചവർ തന്നെയാകണം അന്ന് ലീഗ് സ്ഥാനാർഥികളുടെ കാലിനു കുറുകെ മാന്ത്രികവടി ചുഴറ്റിയെറിഞ്ഞു വീഴ്ത്തിയത്. ലീഗിന്റെ പച്ചച്ചില്ലയിൽ പണ്ടെന്നോ കാക്ക കാഷ്ടമിട്ടപ്പോൾ അതിൽ മുളച്ച ഇത്തിക്കണ്ണിയാണീ ഇ കെ സമസ്ത. വരട്ടുചൊറിയുടെ ഈ ശല്യം ഒഴിവാക്കണമെന്നാണ് യൂത്ത് ലീഗ് കഴിഞ്ഞാഴ്ച പറഞ്ഞതിന്റെ പൊരുൾ. ദോഷം തന്നെ പറയരുതല്ലോ, മലപ്പുറം സമ്മേളനത്തിലെ സ്വാഗത പ്രാസംഗികൻ കസറി. ഇയാളിങ്ങനെ പ്രസംഗിച്ചു തുടങ്ങിയാൽ തലമണ്ടയ്ക്കു മകുളിൽ ശുക്രൻ ഉദിച്ചതുതന്നെ. അകാലത്തിൽ വിനിമയ മൂല്യം നഷ്ടപ്പെട്ടപ്പോൾ പ്രദർശനത്തിനു വെച്ച നാണയമാണ് ഈ ഫൈസി. രാഷ്ട്രീയത്തിൽ ചൊവ്വാ ദോഷത്തിനു നിവാരണം എതിരാളികളെ തെറിവിളിക്കലും പച്ചക്കള്ളം പ്രസംഗിച്ചു കയ്യടി നേടലുമാണ്. അതേ ശൈലി,അതേ മാർഗം. റഹ്മാൻ ഫൈസിക്ക് ഇനി തിരിഞ്ഞു നോക്കേണ്ടതായി വരില്ല. വെച്ചടി വെച്ചടി കയറ്റവുമായിരിക്കും. അത്രക്കുണ്ട് സ്വാഗത പ്രസംഗത്തിൽ.

പൊന്നാനി ഇടതു സ്വതന്ത്രന്റെ വിജയം ആലുവ ശൈഖ് പ്രവചിച്ചത്രെ. കുണ്ടൂർ ശൈഖ് 'യാ എം പി' എന്നു സംബോധന ചെയ്തിരുന്നു പോൽ, ഖലീൽ തങ്ങളുടെ പ്രവചനത്തിൽ 72000ത്തിന്റെ ലീഡ്; വേറെയും ചില കറാമത്തുകളും സ്വപ്ന വൃത്താന്തങ്ങളും. ഇതിലൊക്കെ മ്ലേഛമായി വൈലത്തൂർ തങ്ങളെ വെച്ചു മെനഞ്ഞ കൽപ്പിത കഥ. ഇ ടി മുഹമ്മദ് ബശീർ തങ്ങളുടെ അടുത്തു വോട്ട് ചോദിച്ചു ചെന്നെന്നും മേശപ്പുറത്തെ ഗ്ലാസ് താഴെ വീണ് ഉടഞ്ഞെന്നും ഇതുപോലെ താങ്കൾ പരാജയപ്പെടുമെന്നു തങ്ങൾ പറഞ്ഞെന്നുമാണ് കഥ. ഇ ടി തോറ്റതായി താൻ സ്വപ്നം കണ്ടെന്നു തങ്ങൾ പറയുകയും ചെയ്തത്രെ. ഇങ്ങനെ ഒരു സംഭവം ഉണ്ടായിട്ടില്ലെന്നു മാത്രമല്ല; ഇ ടിയെന്ന വ്യക്തിയെ തന്നെ ജീവിതത്തിലൊരിക്കലും നേരിൽ കാണുകയോ സംസാരിക്കുകയോ ചെയ്തിട്ടില്ലെന്നു വൈലത്തൂർ യൂസുഫുൽ ബുഖാരി തങ്ങൾതീർത്തു പറയുന്നു! ഇനി ചോദിക്കട്ടെ; ഈ മുസ്‌ലിയാരേതാ ജാതി? രാഷ്ട്രീയത്തിന് ഇതൊക്കെ ചേരും.  ഒരു പണ്ഡിത വേഷം ഇങ്ങനെ അസംബന്ധങ്ങൾ സ്റ്റേജിൽ കയറി വിളിച്ചു പറഞ്ഞാലോ? ഇയാൾ പറഞ്ഞതത്രയും പച്ചക്കള്ളമാണ്. അതും മരിച്ചുപോയവരും ജീവിച്ചിരിക്കുന്നവരുമായ മഹാന്മാരെക്കുറിച്ച്. ഒന്നെങ്കിലും സത്യമാണെന്നു തെളിയിക്കാൻ ഇയാൾക്കു കഴിയുമോ? പണ്ഡിതന്മാർ സംസാരിക്കുന്നതു പണ്ഡിതോചിതമാകണം. വായിൽ വന്നതു വിളിച്ചു പറഞ്ഞാൽ അതു വായാടിത്തമാകും. 'കൂനൂമഅസ്സാദിഖീൻ' എന്നു പറഞ്ഞുകൊണ്ടാണിയാൾ തുടങ്ങിയത്, പറയിപ്പിച്ചു. മുസ്‌ലിയാർ ഒരു കാര്യം ചെയ്യ്. ആ യൂണിഫോം അഴിച്ചുവെച്ച് പാർട്ടി ഓഫീസിൽ ചെല്ല്. പണി കിട്ടും. പട്ടിണിയും മാറും, ആളാവുകയും ചെയ്യാം. ഏതായാലും മുടക്കാച്ചരക്കിന്റെ തിരിച്ചുകയറ്റം കേമമായി.

സ്വാഗത പ്രസംഗത്തോളം വരില്ലെങ്കിലും ഒട്ടും മോശമായില്ല ചെറുശ്ശേരി മുസ്‌ലിയാരുടെ ഉദ്ഘാടന പ്രസംഗവും. പരിഹാസവും പരനിന്ദയും നുണയും ഫസാദും സമം ചേർന്ന ആഭാസ ഭാഷണം. പൊന്നാനിയിലെ ഇടതു സ്വതന്ത്രൻ ജയിക്കാൻ വേണ്ടി സുന്നികൾ ദിക്റും സ്വലാത്തും മൗലൂദും നേർച്ചയും നടത്തിയിരുന്നത്രെ. എവിടെപ്പോയി ഇതിന്റെ യൊക്കെ ബറകത്ത് എന്നാണീ മുസ്‌ലിയാർ ചോദിക്കുന്നത്. ഔലിയാക്കന്മാരുടെ പ്രവചനത്തെയും സ്വപ്ന ദർശനത്തെയും കുറിച്ചുള്ള കള്ളക്കഥകൾ ഇയാളും സൂചിപ്പിച്ചു പരിഹസിക്കുന്നുണ്ട്. പൊന്നാനി, മലപ്പുറം, വയനാട് തിരഞ്ഞെടുപ്പ് ഫലത്തോടെ സുന്നി സംഘടനകളും നേതാക്കളും തകർന്നു തരിപ്പണമായെന്നും ഇങ്ങനെ മുഴുവൻ പത്രങ്ങളും എഴുതിയിട്ടുണ്ടെന്നും ഇയാൾ പറയുന്നു; സാധു മനുഷ്യൻ. ആരാണിയാളെ ഇതൊക്കെ പറഞ്ഞു പറ്റിച്ചത്?

ശ്രദ്ധിച്ചില്ലേ; ഈ മുസ്‌ലിയാമാരുടെ സ്വരത്തിൽ കറാമത്ത് നിഷേധത്തിന്റെയും ബറക്കത്തിനെ തള്ളി പ്പറയുന്നതിന്റെയും ധ്വനിയുണ്ട്. തീർത്തും ഭൗതികമായ ഒരു വിഷയവുമായി ബന്ധപ്പെട്ട് മതത്തിലെ വിശ്വാസ സംഹിതകളെ സംശയത്തിന്റെ നിഴലിൽ കൊണ്ടുവരുന്നത് ഫലത്തിൽ ഉൽപതിഷ്ണുക്കളുടെ രീതിയാണ്. പാണക്കാട് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങളുടെ ദുആയും ആശീർവാദവും മഹാനായ പൂക്കോയ തങ്ങളുടെ മഖ്ബറ സിയാറത്തു ചെയ്തതിന്റെ ബറകത്തും ഉണ്ടായിട്ടും 2004ലും 2006ലും എങ്ങനെ ലീഗ് സ്ഥാനാർഥികൾ തോറ്റുവെന്ന് ഒരു സുന്നി വിശ്വാസിയും ചോദിക്കില്ല. ദുആ-ബർകത്തുകൾ ക്ക് ഖദ്റും ഖളാഉമായുള്ള ബന്ധം പ്രമാണങ്ങളറിയുന്ന പണ്ഡിതന്മാർക്കു മനസ്സിലാകും. ചേളാരി ചന്തയിൽ ചുറ്റിത്തിരിയുന്നവർ അതെങ്ങനെ അറിയാനാ? രാഷ്ട്രീയം മൂത്ത് കണ്ണു കാണാതാവാം. ഖൽബടഞ്ഞു പോകരുത്!

പൊന്നാനിയിലെ ഇടതു സ്ഥാനാർഥിയെ ചൊല്ലി സുന്നി സംഘടനകൾക്കും നേതാക്കൾക്കും മേൽ കുതിര കയറുന്നതിന്റെ പൊരുളാണ് മനസ്സിലാകാത്തത്. സുന്നി പ്രസ്ഥാനത്തിന് സുവ്യക്തമായ രാഷ്ട്രീയ നയമുണ്ട്. പൊന്നാനി പ്രശ്നം വന്നപ്പോൾ നേതൃത്വം ഇതു വ്യക്തമാക്കിയതാണ്. പൊന്നാനിയിൽ എന്നല്ല രാജ്യത്തൊരിടത്തും സുന്നി പ്രസ്ഥാനത്തിന് സ്ഥാനാർഥികളില്ല. സ്ഥാനാർഥികളെ നിർത്തി മത്സരിപ്പിക്കുന്നത് പ്രസ്ഥാനത്തിന്റെ നയമോ പരിപാടിയോ അല്ല. അങ്ങനെ ഒരജൻഡയുമില്ല. എന്നാൽ, സുന്നികളാരെങ്കിലും എവിടെയെങ്കിലും മത്സരിക്കുന്നുണ്ടെങ്കിൽ അതിലതിർപ്പുമില്ല. എന്നല്ല; മുസ്‌ലിംകളിൽ നിന്നു സുന്നികളെ മാത്രമേ മത്സരിപ്പിക്കാവൂ എന്നത് അവിഭക്ത സമസ്തയുടെ 1978ലെ തീരുമാനവുമാണ്. കണ്ണിയത്തും ഇ കെയും 78ലെ ഈ തീരുമാനത്തിനു താഴെ ഒപ്പ് ചാർത്തിയിട്ടുണ്ട്. ഈ നയത്തിനു വിരുദ്ധമായി സംഘടനാ നേതൃത്വമോ ഘടകങ്ങളോ ഉത്തരവാദപ്പെട്ട ഏതെങ്കിലും നേതാക്കളോ ഇലക്ഷനു മുമ്പോ ശേഷമോ ഒരക്ഷരം പറഞ്ഞിട്ടില്ല. പിന്നെന്തിനു പൊന്നാനിക്കാര്യം ചൊല്ലി സുന്നികൾക്കു നേരെ ഉറഞ്ഞു തുള്ളണം?  കാര്യം അതല്ല, ഇത് ലീഗ് തിണ്ണയിലെ കുടികിടപ്പിനു ഭീഷണിവരുമോ എന്ന പേടികൊണ്ടുണ്ടായ പരാക്രമമാണ്. ഈ തിരഞ്ഞെടുപ്പ് കാലത്ത് മറ്റൊരിക്കലും ഉണ്ടാകാത്ത വിധം സുന്നി പ്രസ്ഥാനം സമൂഹത്തിന്റെ ശ്രദ്ധാകേന്ദ്രമായി. സമുദായത്തിന്റെ പൊതു ശബ്ദമായി സുന്നി നേതാക്കൾ പരിഗണിക്കപ്പെട്ടു. മുസ്‌ലിം ലീഗിന്റെ ശ്രദ്ധ സുന്നി പ്രസ്ഥാനത്തിനു നേരെ തിരിയുന്നുവെന്നും അങ്ങനെ വന്നാൽ അടുക്കളപ്പുറത്തെ കുടികിടിപ്പ് അപകടത്തിലാകുമെന്നും സാധുക്കൾ ഭയപ്പെട്ടു. കൂറ് തെളിയിക്കാനുള്ള പെടാപ്പാടാണ് ഇപ്പോൾ കാണുന്നത്. ജീവിതം ഇങ്ങനെയാണ്. ചിലർക്കത് പരീക്ഷണവും ഭാരവുമാകും.

പൊന്നാനി, മലപ്പുറം, വയനാട് തിരഞ്ഞെടുപ്പ് ഫലം വന്നതോടെ സുന്നി പ്രസ്ഥാനം ആകെ തകർന്നടിഞ്ഞുപോയെന്നാണ് ചെറുശ്ശേരി മുസ്‌ലിയാരുടെ പ്രസംഗം. എവിടെ എന്തു തകർന്നുവെന്നാണിയാൾ പറയുന്നത്? തിരഞ്ഞെടുപ്പ് തോൽവിയും അതിന്റെ പ്രത്യാഘാതങ്ങളും ആർക്കും കാണാവുന്നതാണ്. സി പി എമ്മിന്റെ പാർലിമെന്റ് ് പ്രാതിനിധ്യം ഈ തിരഞ്ഞെടുപ്പോടെ മൂന്നിലൊന്നിലും താഴെയായി. അതൊരു തകർച്ച തന്നെയാണ്. പാർട്ടിയിലെ പ്രശ്നങ്ങൾ തിരഞ്ഞെടുപ്പിനു ശേഷവും കത്തിക്കയറുകയാണ്. ഇതും പ്രത്യക്ഷമായ പ്രശ്നമാണ്. സി പി ഐക്ക് കയ്യിലിരിപ്പിന്റെ ഗുണം കൊണ്ട് നാലു സീറ്റും പോയി, തകർച്ച പൂർണമാണ്. കേരളത്തിലൊഴികെ ലീഗ് മത്സരിച്ച സംസ്ഥാനങ്ങളിലെല്ലാം കെട്ടിവെച്ച തുക പൊതു ഖജനാവിനു കിട്ടി, ക്ഷീണമാണ്. ഇങ്ങനെ ചെറുതും വലുതമായി പലർക്കും പല തകർച്ചകളും സംഭവിച്ചിട്ടുണ്ട്. ഈ തിരഞ്ഞെടുപ്പു കൊണ്ട ് സുന്ന ി പ്രസ്ഥ ാന  ത്ത ിന ുണ്ട ായ തക ർച്ച എന്ത ാണെന്ന് ചെറുശ്ശേരി മുസ്‌ലിയാരൊന്ന് പറഞ്ഞുതരുമോ?

സുന്നി പ്രസ്ഥാനം അപ്പാടെ തകർന്നു പോയെന്നു മുഴുവൻ പത്രങ്ങളും എഴുതിയെന്നാണ് ഇയാൾ പ്രസംഗിച്ചത്. ശുദ്ധ നുണ. ഏതു പത്രത്തിലാണത്? ആരെഴുതി? പണ്ഡിതന്മാർ തെളിവും രേഖയും വെച്ചു സംസാരിക്കണം. ആ വേഷത്തിൽ നിവർന്നു നിന്നു കള്ളം പറയുന്നതുകേൾക്കുന്നത് അറപ്പാണ്.

അറബികളിൽ നിന്നു പള്ളിക്കു പണം വാങ്ങി കാന്തപുരം അതിനു കമ്മീഷൻ പറ്റിയെന്നും ഈമുസ്‌ലിയാർ ഉളുപ്പില്ലാതെ വിളിച്ചുപറഞ്ഞിരിക്കുന്നു. മുസ്‌ലിയാരുടെ കൈയിൽ വല്ല തെളിവും സാക്ഷിയുമുണ്ടോ? ശംസുൽ ഉലമയുടെ തുടർച്ചക്കാരനാണത്രെ ഇയാൾ! എന്തൊക്കെ ആഭാസത്തരങ്ങളാണ് ഇയാൾ വിളിച്ചു പറഞ്ഞത്? കഴിഞ്ഞ ഫെബ്രുവരിയിൽ കടപ്പുറത്ത് ഇയാൾ പ്രസംഗിച്ചത് ഇതിലും വഷളത്തരമാണ്. സംശയം ചോദിക്കട്ടെ; ഇയാളുടെ തലക്കു മുകളിൽ കാണുന്നത് പണ്ഡിതന്റെ തലപ്പാവു തന്നെയോ, അതോ ചുമട്ടുകാരന്റെ തെരികയോ? ചുമട്ടുകാരനും ഒരു സംസ്കാരമുണ്ട്. അവൻ വിശുദ്ധ വേഷം കെട്ടി നൂറുകണക്കിനാളുകളെ സാക്ഷി നിർത്തി ഇമ്മാതിരികള്ളം വിളിച്ചു പറയില്ല; നാണക്കേട്.

# ❷ കൊടി ചാരിയ തഴമ്പും പതയുന്ന പാർട്ടിഭക്തിയും

**സു**ന്നികൾ കമ്യൂണിസം വളർത്തുകയാണു പോൽ. മലപ്പുറം-കോഴിക്കോട് ഇ കെ സമസ്ത സമ്മേളനങ്ങളിലെ പ്രഭാഷകരെല്ലാം ഉന്നയിച്ച പ്രധാന ആക്ഷേപം ഇതാണ്. കൊള്ളാം, എന്നു തുടങ്ങി ഇവർക്ക് ഈ കമ്യൂണിസ്റ്റ് വിരോധം? ആക്ഷേപം ഉന്നയിക്കുന്നവർ ചരിത്രവും വർത്തമാനവും അറിയണം. കേരളത്തിലെ മുസ്‌ലിംകൾക്ക് ആരാണ് ആദ്യമായി കമ്യൂണിസം ഹലാലാക്കിയത്? ഒരു പക്ഷേ, ലോക ചരിത്രത്തിൽ തന്നെ ആദ്യമായി ഒരു മുസ്‌ലിം പ്രസ്ഥാനത്തിന്റെ കൊടി കമ്യൂണിസത്തിന്റെ ചെങ്കൊടിയുമായി കൂട്ടിക്കെട്ടിയതെവിടെയാണ്? അതൊക്കെ പഴങ്കഥ. പുതിയ കഥയോ? രണ്ട് ഒറിജിനൽ കമ്യൂണിസ്റ്റ് പാർട്ടികളെ രാഷ്ട്രീയ സഹവാസത്തിന്റെ പേരിൽ ഈ സമസ്തക്കാർ ഇപ്പോഴും പേറുന്നുണ്ട്. പിണറായി വിജയന്റെ കമ്യൂണിസത്തിനു കടുപ്പം പോരെന്നു പറഞ്ഞു ഒറിജിനൽ കമ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയുണ്ടാക്കിയ എം വി രാഘവൻ, ഗൗരിയമ്മയുടെ ജെ എസ് എസ്! തിരുത്തുമോ, അതിനുവേണ്ടി ജിഹാദിനിറങ്ങുമോ, ഈ കൊയഞ്ഞ സമസ്തക്കാർ? കഴിഞ്ഞ പഞ്ചായത്ത് തിരഞ്ഞെടുപ്പ് കാലത്തെ അടവുനയം മറന്നോ? സംസ്ഥാനവ്യാപകമായി ലീഗ്- സി പി എം അവിശുദ്ധ ബന്ധത്തിന് ഇപ്പോൾ ബദ്ധായി പറഞ്ഞുനടക്കുന്ന ഈ മുസ്‌ലിയാന്മാരും വോട്ടു കുത്തിയില്ലേ? മലപ്പുറം ജില്ലയിലടക്കം അടവുനയത്തിന്റെ ‘പച്ചച്ചെങ്കൊടി’ ഗ്രാമ പഞ്ചായത്തുകളിൽ ഇപ്പോഴും പാറുന്നില്ലേ? പ്രത്യയശാസ്ത്ര കമ്യൂണിസത്തിനെതിരെ സുന്നി പ്രസിദ്ധീകരണങ്ങൾ എഴുതിയതിന്റെ പത്തിലൊന്നു പോലും ഇവരുടെ പ്രസിദ്ധീകരണങ്ങളിൽ കാണുകയില്ല. സുന്നി നേതാക്കൾ നടത്തുന്ന കമ്യൂണിസ്റ്റ്‌വിരുദ്ധ പ്രസ്താവനകൾക്ക് കാലഭേദമില്ല, ആദർശപ്രതിബദ്ധതയുണ്ടുതാനും. ഇവർക്കോ, കമ്യൂണിസ്റ്റ് വിരോധം ഇലക്ഷൻ സ്പെഷ്യലാ. കഥയറിയാത്ത പാവം മുസ്‌ലിയാന്മാർ, ഇവർക്ക് മതവുമറിയില്ല, ചരിത്രവുമറിയില്ല.

തന്റെയും മാനു മുസ്‌ലിയാരുടെയും തോളത്ത് മുസ്‌ലിം ലീഗിന്റെ കൊടി ചാരിവെച്ചതിന്റെ തഴമ്പുണ്ടെന്നാണ് ചെറുശ്ശേരി മുസ്‌ലിയാർ പ്രസംഗിച്ചത്. നല്ല കാര്യം, പെറ്റുവീണതേ ലീഗിലായിരുന്നാലും കുഴപ്പമില്ല. എന്നല്ല; ലീഗ് ശക്തിപ്പെടണം, സമുദായത്തിന്റെ പൊതു വേദിയാവുകയും വേണം. മുസ്‌ലിം ലീഗുമായി നല്ല ബന്ധമുള്ള സുന്നി പ്രവർത്തകർ ധാരാളമുണ്ട്. കാന്തപുരം ഉൾപ്പെടെ പല സുന്നി നേതാക്കൾക്കും ലീഗ് നേതൃത്വവുമായി അടുത്ത ബന്ധവുമുണ്ട്. ഇതൊക്കെ പ്രശ്നാധിഷ്ഠിതമാണ്; പാർട്ടി ചെയ്യുന്ന നല്ല കാര്യങ്ങൾക്കു പിന്തുണയും സഹകരണവും. തെറ്റുകളെ എതിർക്കും, വിമർശിക്കും. സുന്നികളോട് നിഷേധാത്മകമായ സമീപനം ലീഗ് കാണിച്ച കാലമുണ്ടായിരുന്നു, അന്നു ധീരമായി തന്നെ ചെറുത്തിട്ടുണ്ട്. സഹകരണത്തിന്റെയും അനുരഞ്ജനത്തിന്റെയും പാതയിലേക്ക് പാർട്ടി വന്നപ്പോൾ സർവാത്മനാ സഹകരിച്ചിട്ടുമുണ്ട്. എന്നുവെച്ച് ലീഗിന്റെ കൊടി ചുമക്കേണ്ട കാര്യം സുന്നി നേതൃത്വത്തിനില്ല. കാലഘട്ടത്തിന്റെ ഇതിഹാസ പുരുഷനായ വരയ്ക്കൽ ബാഅലവി മുല്ലക്കോയ തങ്ങൾ (ന:മ) അവർക്ക് ചുമക്കാൻ ഒരു കൊടി കൊടുത്തിട്ടുണ്ട്, അതേ അവർ ചുമക്കൂ.

ലീഗിനെയെന്നല്ല; ഒരു പാർട്ടിയെയും സുഖിപ്പിക്കാൻ വിടുവേല ചെയ്യേണ്ട ഗതികേട് സുന്നി പ്രസ്ഥാനത്തിനു വന്നിട്ടില്ല. ലീഗിനെ വിമർശിച്ചതിലും ഏറെ ശക്തിയായി സി പി എമ്മിനെയും അതിന്റെ നയങ്ങളെയും ഭരണത്തെയും സുന്നികൾ വിമർശിച്ചിട്ടുണ്ട്. ഉപജീവനം മുട്ടിപ്പോകുമെന്നു പേടിയുള്ളവർക്കാണിപ്പോൾ രാജാവിലും ഏറെ രാജഭക്തി പതയുന്നത്. അല്ലാതെങ്ങനെയാ പൊന്നാനിയിൽ മഴ പെയ്തതിനു ചേളാരിയിൽ കുട പിടിക്കുന്നത്? കാൽച്ചങ്ങലകൾ കാലിന്റെ ഭാഗമാണെന്നു അടിമകൾക്കു തോന്നുമ്പോഴാണ് അടിമത്തം പൂർണമാവുക. സ്വന്തം തല പേട്ടു തേങ്ങയായിപ്പോയ ഒരു ജനതയെ ആർക്കാണ് രക്ഷിക്കാനാവുക?

എങ്ങനെയാണ് ഈ മുസ്‌ലിയാന്മാർക്കിങ്ങനെ കള്ളം പറയാൻ കഴിയുന്നത്? മലപ്പുറത്തെ വേദിയിൽ കള്ളം പറയാൻ മുസ്‌ലിയാന്മാരുടെ മത്സരം തന്നെയാണ് നടന്നത്. വലിയ മുസ്‌ലിയാർ വലിയ കള്ളം പറഞ്ഞപ്പോൾ ചെറിയ മുസ്‌ലിയാർ പെരുങ്കള്ളം പറഞ്ഞു നേതാവിനെ തോൽപ്പിച്ചുകളഞ്ഞു. മർകസിൽ സൂക്ഷിച്ചിരിക്കുന്ന ‘ശഅ്റെ ശരീഫി’ന്റെ സനദ് സബന്ധിച്ച് ഒരു മുസ്‌ലിയാർ പറഞ്ഞുതുടങ്ങിയത് സത്യമാണ്. മുഴുവൻ സത്യം പറഞ്ഞാൽ മത്സരത്തിൽ തോറ്റു പോകും എന്നായപ്പോൾ മുസ്‌ലിയാർ ശരിയായ കഥക്ക് പച്ചക്കള്ളം കൊണ്ടു തൊങ്ങലുവെച്ചു. ‘ശഅ്റെ ശരീഫി’ന്റെ സനദ് അന്വേഷിച്ച് ഇയാൾ കാന്തപുരത്തെ വിളിച്ചുവെന്നത് നേരാണ്. ഫോണിലൂടെ അതു പറഞ്ഞുതരാൻ ബുദ്ധിമുട്ടുണ്ടെന്നും നേരിട്ടു വന്നാൽ കാണാവുന്നതാണെന്നും കാന്തപുരം പറഞ്ഞതോടെ സംസാരവും അവസാനിച്ചു. പക്ഷേ, സനദ് കാണാൻ മുസ്‌ലിയാർ വന്നില്ല. വന്നാൽ അതു ബോധ്യപ്പെടുമെന്നും പിന്നെ വിമർശത്തിനു പഴുതില്ലാതാകുമെന്നും ഈ കുരുട്ടുബുദ്ധി മുസ്

ലിയാർക്കറിയാമായിരുന്നു. നാലു ദിവസം കഴിഞ്ഞു വിളിക്കാൻ പറഞ്ഞെന്നും വിളിച്ചപ്പോൾ സിൽസില കാണാൻ ചെല്ലാൻ പറഞ്ഞെന്നും കുറച്ചു കഴിഞ്ഞ് കാന്തപുരം തിരിച്ചുവിളിച്ചുവെന്നും സിൽസിലയിലെ കണ്ണികളായവരെല്ലാം മരിച്ചുപോയ വരാണെന്നും അതു ബോധ്യപ്പെടുത്താൻ ആരെയും കൊണ്ടുവരേണ്ട; വിശ്വാസമുള്ളവർ അതുകൊണ്ട് ബറകത്തെടുത്താൽ മതി എന്നു പറഞ്ഞുവെന്നുമാണ് ഈ മുസ്‌ലിയാർ വിശദീകരിച്ചത്. ഒരു നുണ സത്യമാണെന്ന് തോന്നിപ്പിക്കാനുള്ള മിടുക്കിന് അഭിനന്ദനം! ഇതത്രയും ശുദ്ധ നുണയാണ്. ഈ വേഷത്തിൽ ഒരാൾ എങ്ങനെയാണ് ഇത്ര സ്വാഭാവികമായി നുണ പറയുന്നത്? മർകസിൽ സൂക്ഷിച്ചിരിക്കുന്ന നബി (സ)യുടെ തിരുകേശത്തിന് അലി (റ)വിൽ നിന്ന് ശൈഖ് അബ്ദുൽ ഖാദിർ ജീലാനി (റ)വഴി കൃത്യമായ സനദുണ്ട്. ഇതിലെ അവസാന കണ്ണി ഇപ്പോഴും ജീവിച്ചിരിക്കുന്നുമുണ്ട്.

മലപ്പുറത്തെ സ്വലാത്ത് നഗറിനെതിരെ സലാമത്ത് നഗർ ഉണ്ടാക്കാൻ പോകുന്നത്രെ. കണ്ടാലും കൊണ്ടാലും അനുഭവിച്ചാലും പഠിക്കാത്ത വിവരംകെട്ട ഖൗമ്! എന്തേ ഇവർക്കിങ്ങനെ വെളിവില്ലാതെ പോയി? കോഴിക്കോട്– വയനാട് ഹൈവേയിൽ ചെലവൂരിനും മൂഴിക്കലിനും ഇടയിൽ പള്ളിത്താഴം എന്നൊരു ബസ് സ്റ്റോപ്പുണ്ട്; കാരന്തൂർ മർകസിൽ നിന്നു മൂന്നു കി. മീറ്റർ അകലെ 1978ൽ മർകസ് ആരംഭിച്ചപ്പോൾ സമാന്തരമായി ഇവിടെ മറ്റൊരു 'മർകസ്' ആരംഭിച്ചിരുന്നു. ഇപ്പോഴും സമാന്തരം അവിടെത്തന്നെയുണ്ട്, പത്തു സെന്റ് സ്ഥലത്ത് വികസിച്ച് പടർന്നു പന്തലിച്ചങ്ങനെ! കാരന്തൂരിൽ പത്താണെങ്കിൽ ഇവിടെ പതിനൊന്ന് എന്നുപറഞ്ഞു വളാഞ്ചേരിയിൽ മറ്റൊരു സമാന്തരം തുടങ്ങി. കുറെ മുമ്പ് അവിടെ ചെല്ലാനിടയായപ്പോൾ തോന്നിയതു പറയാം; ഇതിങ്ങനെ കുറച്ചുകാലം കൂടി തുടർന്നാൽ പുരാവസ്തു വകുപ്പ് അവകാശവാദം ഉന്നയിച്ചേക്കും. കഷ്ടം തന്നെ! ഉദ്ദേശ്യശുദ്ധിയിൽ അടിത്തറയിടണമെന്നു വിശുദ്ധ ഖുർആൻ പറഞ്ഞത് ഈ ജനത കേട്ടിട്ടില്ല, എങ്ങനെ കേൾക്കാനാ? ചേളാരി ചന്തയിൽ ഖുർആൻ കിട്ടുമോ, നല്ല മുക്രയിടുന്ന ഇനത്തെയല്ലാതെ!

മലപ്പുറം പ്രസംഗത്തിലെ മറ്റൊരാക്ഷേപം സുന്നികൾ മുസ്‌ലിം സംഘടിത ശക്തി നശിപ്പിക്കാൻ ശ്രമിക്കുന്നുവെന്നാണ്. ആരാണ് കേരളത്തിലെ മുസ്‌ലിം സംഘടിത ശക്തിക്കു കത്തിവെച്ചത്? കേരളത്തിലെ ഇസ്‌ലാമിക സമൂഹത്തെ അഹ്‌ലുസ്സുന്നയുടെ കൊടിക്കൂറക്കു കീഴിൽ ഉറപ്പിച്ചു നിർത്തിയ മഹാപ്രസ്ഥാനമാണ് സമസ്ത കേരള ജംഇയ്യത്തുൽ ഉലമ, ബിദ്അത്തിനും ളലാലത്തിനുമെതിരെ പടപൊരുതി ഉമ്മത്തിന്റെ വിശ്വാസവും സാംസ്കാരിക പൈതൃകവും കാത്ത മഹാന്മാരുടെ പ്രസ്ഥാനം. നിർഭാഗ്യം, ഈ പ്രസ്ഥാനത്തിലെ മലപ്പുറത്തുകാരായ ചില പണ്ഡിതന്മാർക്ക് മുസ്‌ലിം ലീഗിന്റെ കൊടി തോളത്തു നിന്നു താഴെ വെക്കാൻ നിവൃത്തിയില്ലെന്നായി– അതൊരു തെറ്റൊന്നുമല്ല, ഓരോരുത്തരുടെ നിലപാടാണ്. പക്ഷേ, സമസ്ത അതിന്റെ ആശയാദർശങ്ങൾക്കു വേണ്ടി സ്വതന്ത്രമായും അഭിമാനകരമായ വ്യക്തിത്വത്തോടു കൂടിയും നിലകൊള്ളണമെന്നു പാരമ്പര്യബോധമുള്ള പണ്ഡിത നേതാക്കൾ ശഠിച്ചു. ഒരേസമയം രണ്ടു കൊടി ചുമക്കുന്നതിലെ കോമാളിത്തം ഇഷ്ടപ്പെടാതെ സയ്യിദ് അബ്ദുർറഹ്‌മാൻ അൽബുഖാരി (ഉള്ളാൾ), കാന്തപുരം, എം എ ഉസ്താദ് തുടങ്ങിയവർ യുഗപ്രഭാവനായ വരക്കൽ മുല്ലക്കോയ തങ്ങൾ കൈമാറിയ മദീനാ മുനവ്വറാങ്കിത ത്രിവർണ പതാകയുമായിങ്ങു പോന്നു! ഇതെങ്ങനെ ഭിന്നിപ്പിക്കലാകും? ഇമാം അശ്അരി (റ) ചെയ്തതിന്റെ ന്യായം ഇതല്ലേ? അവശിഷ്ട സമസ്ത ഇപ്പോൾ റെയിൽവേ സ്റ്റേഷനിലെ പോലെ രണ്ടു കൊടികൊണ്ട് അമ്മാനമാടുകയാണ്.

ഈ തിരഞ്ഞെടുപ്പ് കാലത്ത് മാത്രമായി മുസ്‌ലിം സംഘടിത ശക്തിക്കെന്ത് ആപത്താണുണ്ടായത്? ഇടതു–വലതു മുന്നണികളോട് ഒട്ടിയും മുട്ടിയും കുറെ മുസ്‌ലിം സംഘടനകളുണ്ട്. അതത്രയും വർഷങ്ങളായി തുടരുന്ന പ്രതിഭാസമാണ്. അതിലെ തെറ്റിനും ശരിക്കും വർഷങ്ങളുടെ പഴക്കമുണ്ട്. പുതുതായി സംഭവിച്ചത്, ജമാഅത്തെ ഇസ്‌ലാമിയുടെയും എൻ ഡി എഫിന്റെയും രാഷ്ട്രീയ പ്രവേശമാണ്. ഈ രണ്ടു സംഭവങ്ങളും ഇ കെ സമസ്തക്കാരുടെ ഉത്കണ്ഠയുടെ പരിധിയിൽ വരുന്നില്ലെന്നു മാത്രമല്ല; മുസ്‌ലിം ലീഗ് രാഷ്ട്രീയത്തിനു ഭീഷണിയായി മാറിക്കൊണ്ടിരിക്കുന്ന എൻ ഡി എഫിന്റെ ഭീകരവാദ രാഷ്ട്രീയം ഈ തിരഞ്ഞെടുപ്പിൽ ഈ ബേജാറുകൾക്കൊപ്പമാണുതാനും. സത്യത്തിൽ മുസ്‌ലിം സംഘടിത ശക്തിക്കുനേരെ ഭീഷണി എന്ന ഇഷ്യു ഈ തിരഞ്ഞെടുപ്പ് കാലത്ത് ഇറക്കിയത് എൻ ഡി എഫാണ്. എൻ ഡി എഫ് രാഷ്ട്രീയ നിലപാടുകൾക്കു ന്യായീകരണം കണ്ടെത്തുകയായിരുന്നു താത്പര്യം. ഇതാകട്ടെ മുസ്‌ലിം ലീഗ് രാഷ്ട്രീയം അട്ടിമറിക്കാനുള്ള ബുദ്ധിപരമായ നീക്കത്തിന്റെ ഭാഗമാണുതാനും. യൂത്ത് ലീഗ് ഇത് തിരിച്ചറിഞ്ഞിട്ടുണ്ട്. കഥയറിയാതെയാണ് ഇ കെക്കാർ ഇതു ഏറ്റ് പിടിച്ചത്. വല്ലാത്തൊരു സംഘടന! വിവരക്കേടിന് ഇങ്ങനെയും ഒരു പര്യായപദമുണ്ടോ?

## 3 ലീഗിൽ പരകായ പ്രവേശം നടത്തുന്നതിന്റെ പൊരുൾ

**മു**സ്‌ലിം ഐക്യത്തെക്കുറിച്ചുള്ള പൊതു ആശങ്കക്ക് അർഥമുണ്ട്. എന്നാൽ, ഇ കെ നേതാവിന്റെ ഇതു സംബന്ധിച്ച ഉത്കണ്ഠ വ്യാജമല്ലേ എന്നാണ് സംശയം. മുസ്‌ലിം ഉമ്മത്ത് ഐക്യപ്പെടേണ്ടത് വിശുദ്ധഖുർആന്റെ താത്പര്യമാണ്. പക്ഷേ, ചെറുശ്ശേരി മുസ്‌ലിയാർക്ക് ഈ വിഷയത്തിൽ എത്രത്തോളം ആത്മാർഥതയുണ്ടെന്ന കാര്യത്തിൽ സംശയമുണ്ട്. കേരളീയ മുസ്‌ലിം സമൂഹത്തിൽ സുന്നികളുടെ ഐക്യമാണ് പ്രധാനം, സുന്നികൾ ഒന്നിച്ചാൽ തൊണ്ണൂറു ശതമാനവും ഐക്യപ്പെട്ടു. ഈ ആശയത്തിന് അനുകൂലമായിട്ടേ എക്കാലത്തും സുന്നി നേതൃത്വം പ്രതികരിച്ചിട്ടുള്ളൂ. സുന്നി ഐക്യത്തിനുവേണ്ടി ആത്മാർഥമായി പരിശ്രമിച്ച പല സമുദായ നേതാക്കളും മരിച്ചുപോയി. ജീവിച്ചിരിക്കുന്നവർ പലരുമുണ്ട്. ആരെങ്കിലുമൊരാൾ പറയട്ടെ; സുന്നി നേതൃത്വം ഐക്യത്തിന് എതിര് നിന്നുവെന്ന്. ഏറ്റവും ഒടുവിൽ മുസ്‌ലിം ലീഗ് നേതാക്കൾ നടത്തിയ ശ്രമങ്ങളോട് ഉദാരമായ സമീപനമാണ് സുന്നികൾ സ്വീകരിച്ചത്. ഇനി മറുപുറത്തോ?

അല്ലാഹുവിന്റെ വജ്ഹിനെ ഉദ്ദേശിച്ച് ഐക്യത്തിനു ശ്രമിച്ചവരെയൊക്കെ, അഹന്തയുടെ ഈ അവതാരങ്ങൾ പിന്തിരിപ്പിച്ചു, ഭത്സിച്ചു, കളിയാക്കി, യോജിപ്പിന്റെ വഴികളിൽ അബൂലഹബിന്റെ ഭാര്യ ചെയ്തതു ചെയ്തു. 'അല്ലാഹുവിന്റെ പാശത്തെ നിങ്ങളെല്ലാവരും ഒന്നിച്ചു മുറുകെ പിടിക്കുക; നിങ്ങൾ ഭിന്നിക്കരുത്, ഭിന്നിച്ചാൽ നിങ്ങളുടെ ശക്തി ക്ഷയിച്ചുപോകുകയും ഭീരുക്കളായിത്തീരുകയും ചെയ്യും...' എന്നിങ്ങനെ വിശുദ്ധ ഖുർആൻ ആവർത്തിച്ചു പറഞ്ഞ ഒരാശയത്തെ ഈ ചെറുശ്ശേരി മുസ്‌ലിയാർ സമീപിച്ചതെങ്ങനെയാണെന്നു കാണണോ? ഫെബ്രുവരിയിൽ കോഴിക്കോട് കടപ്പുറത്ത് ഇയാൾ പ്രസംഗിച്ച ഭാഷ അങ്ങനെ തന്നെ പകർത്താം 'ഇങ്ങനത്തെ സമസ്തക്കെന്തിനാ ഐക്യം? നമുക്ക് ഐക്യോം വേണ്ട, കൊയ്ക്യോം വേണ്ട...' ഇരുപതു വർഷത്തെ അകൽച്ച, രണ്ടു സംഘടനകളും രണ്ടു സംവിധാനങ്ങളും അതിന്റെ ഘടകങ്ങളും സ്ഥാപനങ്ങളും. ഇതൊക്കെ ഒന്നാവുന്നതിലെ സങ്കീർണതകൾ കാരണമാകണം ലീഗ് നേതൃത്വം സുന്നി സംഘടനകൾക്കിടയിൽ പൊതു കാര്യങ്ങളിൽ സമവായമുണ്ടാകണമെന്നും മഹല്ലുകളിലെ വഴക്കുകൾക്ക് ശമനമുണ്ടാകണമെന്നും നിർദേശിച്ചത്. ഇതിനെതിരെ മലപ്പുറത്ത് ചെറുശ്ശേരി മുസ്‌ലിയാർ പരിഹാസവും വിവരക്കേടും ചൊരിഞ്ഞു: നേന്ത്ര വായ, കുന്നൻ വായ, കുള വായ... ഇങ്ങനെ പല വായകളും ഇയാൾ കേട്ടിട്ടുണ്ടത്രെ. സമവായ എന്നൊരു പുതിയ 'വായ' ആദ്യമായി കേൾക്കുകയാണ് പോൽ! ഈ 'വായ' കുലയ്ക്കാൻ പോകുന്നില്ലെന്ന് ഇയാൾ ഉച്ചൈസ്തരം പ്രഖ്യാപിച്ചപ്പോൾ അനുയായികൾ ആർത്തുവിളിച്ചു തക്ബീർ ചൊല്ലി. നല്ല നേതാവ്, പറ്റിയ അനുയായികൾ!

വിശുദ്ധ ഖുർആന്റെ താത്പര്യത്തിനെതിരെയാണ് ഒരു മുസ്‌ലിയാരുടെ പരിഹാസം. ഈ പരിഹാസത്തിനാണ് അനുയായികളുടെ തക്ബീർ. ഓരോ ജനതക്കും കിട്ടുക അവരർഹിക്കുന്ന നേതൃത്വമാണെന്നു പറഞ്ഞതെത്ര ശരി! നല്ല ഭാഷാ ജ്ഞാനം. കഷ്ടം അതല്ല; 'വായ'യും 'വാഴ'യും തിരിച്ചറിയാത്തത്ര തരംതാണു പോയല്ലോ ഇയാൾ? ഇംഗ്ലീഷിലെ ക്ലാസിക് ആയ ഷേക്സ്പിയർ കൃതികൾ വരെ വായിച്ചാസ്വദിച്ചിരുന്ന ശംസുൽ ഉലമയുടെ പിൻഗാമിയത്രെ ഇയാൾ! പുതിയങ്ങാടി ഭാഗത്തെങ്ങാനും പോകുമ്പോൾ ശ്രദ്ധിച്ചു കൊള്ളണം, ശൈഖുനാ ആ ഊന്നുവടി ഉപേക്ഷിച്ചിരിക്കാനിടയില്ല. ഇതു മാത്രമല്ല പ്രശ്നം, ഈ മുസ്‌ലിയാർക്കെന്തോ കുഴപ്പമുണ്ട്. തന്റെ മലപ്പുറം പ്രസംഗത്തിൽ രണ്ടിടത്താണു സമസ്ത എന്ന മഹാ പ്രസ്ഥാനത്തിന്റെ സ്ഥാപകനായ വര യ്ക്ക ൽ ബാ അല വി മുല്ല േ കായ തങ്ങ ൾ (ന.മ )യെ ഇയ ാൾ പര ാമർശിച്ചത്. രണ്ടും അന്തസ്സില്ലാതെ. സമസ്ത കേരള ജംഇയ്യത്തുൽ ഉലമയെ പരിഹസിക്കാൻ വേണ്ടി ഒരിടത്ത് 'സമസ്ത നായർ സഭ, മേനോൻ സഭ...' എന്നിങ്ങനെ എണ്ണിയ ശേഷം യാതൊരറപ്പുമില്ലാതെ 'മുല്ലക്കോയ സമസ്ത' എന്ന്. അഹ്ലുസ്സുന്നയുടെ പ്രസ്ഥാന നായകരുടെ പരമ്പര രണ്ടറ്റവും ചേർത്തു പറഞ്ഞപ്പോൾ ശംസുൽ ഉലമ മുതൽ 'മൊല്ലക്കോയവരെ' എന്നും. കാര്യം പറയാം, ഇയാൾക്കെന്തോ പറ്റിപ്പോയിട്ടുണ്ട്; ഇയാൾ ഏതോ കുഴിയിൽ ചെന്നു വീഴാനാണിട.

ഉദ്ധരിക്കപ്പെടുന്നത് അനുചിതം എന്നു പണ്ഡിത ഏകോപനമുള്ള ചരിത്ര വിഭാഗത്തിൽ പെടുന്നതാണ് സഅ്ദ്ബ്നു ഉബാദ (റ)ന്റെ അന്ത്യം. മുസ്‌ലിം ഉമ്മത്തിന്റെ ഐക്യത്തിനും സഹവർത്തിത്വത്തിനും പുറംതിരിഞ്ഞു നിൽക്കുന്നവരെ ഉണർത്താൻ വേണ്ടിയാണെങ്കിൽ പോലും ആ ചരിത്രം ചർവിതചർവണം ചെയ്യരുതായിരുന്നു. അങ്ങനെ ചെയ്ത സ്ഥിതിക്ക് മുസ്‌ലിയാർ ആ ചരിത്രം മൂന്നാവർത്തി ഉരുവിട്ട് സ്വന്തം നെഞ്ചിലേക്ക് തന്നെ ഊതുന്നതു നല്ലതാണ്. കാരണം, ആ നെഞ്ചിലെ എല്ലിൻകൂട്ടിൽ തന്നെയാണ് സുന്നി ഐക്യത്തിനെതിരായ ദുഷ്ചിന്തകൾ നുരയുന്നത്. പ്രിയപ്പെട്ട ആലിക്കുട്ടി മുസ്‌ലിയാർ, ഹാറൂൻ നബി (അ)യുമായി ബന്ധപ്പെട്ടു വിശുദ്ധ ഖുർആനിൽ നിന്നു താങ്കൾ ഉദ്ധരിച്ച ഭാഗമുണ്ടല്ലോ, അത് സ്വകാര്യമായി ഈ മുസ്‌ലിയാരെ ഒന്നു ബോധ്യപ്പെടുത്തിക്കൊടുക്കണം.

മഹല്ലുകളിൽ കുഴപ്പം കുത്തിപ്പൊക്കാനുള്ള പരസ്യമായ ആഹ്വാനമാണ് മലപ്പുറം സമ്മേളനത്തിൽ ഉയർന്നു കേട്ടത്. തങ്ങളുടെ ഇംഗിതത്തിനൊത്തു നിൽക്കാത്തവരെ മഹല്ലുകളിൽ നിന്നു തുരത്തണമത്രെ. സംസ്ഥാനത്തെ തൊണ്ണൂറ്റൊമ്പതു ശതമാനം മഹല്ലുകളും ഭരിക്കുന്നതു മുസ്‌ലിം ലീഗുകാരാണെന്ന ഭീഷണിയും ഉയർത്തിയിട്ടുണ്ട്. അതായത്, മുസ്‌ലിം ലീഗിന്റെ സഹായത്തോടെ മഹല്ലുകളിൽ നിന്ന് സുന്നികളെ കെട്ടുകെട്ടിക്കുമെന്ന്! ദീനീ സ്ഥാപനങ്ങളിൽ സേവനത്തിനു വന്ന ഉസ്താദുമാരെയോ അതോ മഹല്ലിൽ താമസക്കാരായ സുന്നികളെ ഒന്നടങ്കമോ തുരത്തുക എന്നു വേർതിരിച്ചിട്ടില്ല. സുന്നികൾ നടത്തുന്ന സ്കൂളുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും കുട്ടികളെ പിൻവലിക്കണമെന്നും അവിടെ കമ്മ്യൂണിസമാണ് പഠിപ്പിക്കുന്നതെന്നും ഉപദേശിച്ചിട്ടുമുണ്ട്– പഠിക്കുന്ന കുട്ടികൾക്കും അയക്കുന്ന രക്ഷിതാക്കൾക്കും ഇതുവരെ മനസ്സിലാകാത്ത പരമ രഹസ്യം! ഏതായാലും സുന്നി പ്രവർത്തകർ ഒരു ഹിജ്റക്കു തയ്യാറായിരിക്കുന്നതു നല്ലതാണ്. നാട്ടുകാർ നിർമിച്ചു നടത്തുന്ന പള്ളി മദ്റസകൾ തങ്ങളുടെതാണെന്നു നടിച്ചു അവിടെയൊക്കെ തങ്ങളുടെയാളുകളെ തന്നെ നിർത്തണമെന്നു കാണിച്ച് അയച്ച സർക്കുലറിന്റെ ഗതി മറന്നിട്ടില്ലല്ലോ. ഇനി പള്ളി മദ്റസകളിലെ ഉസ്താദുമാരുടെ കാര്യമാണെങ്കിൽ പേടിക്കാനില്ല, കഴിഞ്ഞ രണ്ടു പതിറ്റാണ്ടായി അവർ ഭീഷണിയുടെ ഈ ഉലക്ക കണ്ടാണ് സേവനം ചെയ്തുവരുന്നത്. സമുദ്രം നീന്തിക്കടന്നു വന്നവരാണ് ഞങ്ങളുടെ ഉസ്താദുമാർ, അവരെ നീർച്ചാൽ കാണിച്ചു പേടിപ്പിക്കല്ലേ; ഇതെന്തു പറ്റിപ്പോയി ഇക്കൂട്ടർക്ക്. മറ്റൊരു കൗതുകം: ഇവരുടെ ഓരോ പ്രസംഗകനും നാലുവരി പറഞ്ഞാൽ പിന്നെ പാണക്കാട് സയ്യിദന്മാരെക്കുറിച്ച് അഞ്ചു വരി പറയും! അവരുടെ മദ്ഹും പുകഴ്ച്ചയും ബറകത്തും കറാമത്തും അവരെ മുൻനിർത്തിയുള്ള ശപഥങ്ങളും ആക്രോശങ്ങളും. സ്വയം നിലനിൽപ്പില്ലാത്ത ചിലരുണ്ട്. അവർക്കു, നേരെ നിൽക്കണമെങ്കിൽ ഉറപ്പുള്ള എന്തിന്മേലെങ്കിലും ചാരണം. ഒരൂഹം പറയാം; ഇതൊരു തരം അപകർഷതാ ബോധത്തിന്റെ പ്രശ്നമാണ്. തങ്ങൾ കൊള്ളരുതാത്തവരും സ്വയം

നിലനിൽപ്പില്ലാത്തവരുമാണ് എന്ന തിരിച്ചറിവിൽ നിന്നുള്ള അങ്കലാപ്പ്. തങ്ങളുടെ ദൗർബല്യങ്ങളും ബലഹീനതകളും പാണക്കാട് സയ്യിദന്മാരിൽ ചാരി ആശ്വസിക്കുകയാണ്. ഒരു ജനതക്കു മുമ്പിൽ നിവർന്നു നിൽക്കാൻ ത്രാണിയില്ല എന്ന തിരിച്ചറിവിന്റെ ഫലം. വരുമാനത്തെക്കുറിച്ച് ആരു ചോദിച്ചാലും 'എനിക്കും ഏമാനും കൂടി അയ്യായിരം' എന്നു പറയുന്ന ഒരു പഴയ

വക്കീൽ ഗുമസ്തന്റെ കഥയുണ്ട്, സാധുവിനു അന്നു നാലണ കിട്ടും. നാലണ വരുമാനം പുറത്തുപറയുന്നതിലെ ജാള്യം ഒഴിവാക്കാനൊരു പാഴ്ശ്രമം. ഇവരീ പറയുന്നത് സയ്യിദന്മാരോടുള്ള ആദരവ് കൊണ്ടാണെങ്കിൽ ഇവർ രക്ഷപ്പെടാനിതു മതി. പക്ഷേ, അതല്ല കാര്യം. ഇതു ഊരബലത്തിന്റെ പ്രശ്നമാണ്. ലീഗിൽ പരകായ പ്രവേശം നടത്തുന്നതിന്റെ പൊരുളും വേറെയല്ല; താങ്ങില്ലാതെ നിലനിൽപ്പില്ല. അഹ്‌ലുബൈത്തിനോടുള്ള ആദരവാണ് വിഷയമെങ്കിൽ സ്വന്തം പ്രസിഡന്റും പണ്ഡിതനും ആബിദുമായ ഒരു സയ്യിദിനെ എന്തു ചെയ്തുവെന്ന് എല്ലാവർക്കുമറിയാം. അഹ്‌ലുബൈത്ത് എന്ന പൊതു പരിഗണന ഇവർക്കില്ലെന്നു വ്യക്തം. സംഘടനാപരമായ വിയോജിപ്പുകളുടെ പേരിൽ മറുപക്ഷത്തുള്ള സയ്യിദന്മാരെക്കുറിച്ച് എന്തൊക്കെയാണിവർ വിളിച്ചുപറയുന്നത്? അഹ്‌ലുബൈത്ത് ആരാകട്ടെ; അവരെയെല്ലാം ഓരേപോലെ ആദരിക്കുകയും അംഗീകരിക്കുകയുമാണ് അഹ്‌ലുസ്സുന്നയുടെ നിലപാട്. സുന്നി പ്രസ്ഥാനത്തോടൊപ്പം പാണക്കാട് തറവാട്ടിലെ സയ്യിദന്മാരുണ്ട്, ബാഫഖീ തറവാട്ടിലെ സയ്യിദന്മാരുണ്ട്, ജിഫ്‌രി പരമ്പരയിൽ നിന്നുണ്ട്. ഇവരോ ഇവരല്ലാത്തവരോ ആരാകട്ടെ; അഹ്‌ലുബൈത്തിൽ പെട്ടവരാണെങ്കിൽ അവർ എല്ലാവരും ഒരേപോലെ ആദരിക്കപ്പെടുന്നു, പ്രകീർത്തിക്കപ്പെടുന്നു. അംഗീകരിക്കപ്പെടുന്നു. പാണക്കാട് സയ്യിദന്മാർക്കെതിരാണ് സുന്നികൾ എന്നു വരുത്താനുള്ള പെടാപ്പാട് ഏതു മന്ദബുദ്ധികൾക്കും തിരിച്ചറിയാനാകും. ഇത്ര വകതിരിവില്ലാതായല്ലോ. വെളിവ് കിട്ടാൻ വേണ്ടി പറയാം. കുറച്ചു മുമ്പ് കാന്തപുരം എ പി അബൂബക്കർ മുസ്‌ലിയാരുടെ വീട്ടിൽ ഇളയ മകളുടെ വിവാഹം നടന്നു. സയ്യിദ് അബ്ദുർറഹ്‌മാൻ അൽബുഖാരിയാണ് നികാഹ് നിർവഹിച്ചത്. തങ്ങളുടെ തൊട്ടരികിൽ ആ നിക്കാഹിന് സാക്ഷിയായി മഹാനായ മറ്റൊരു സയ്യിദ് ഇരിപ്പുണ്ടായിരുന്നു– പാണക്കാട് സയ്യിദ് ബശീറലി ശിഹാബ് തങ്ങൾ. ഈ മുസ്‌ലിയാർമാർ ഏതു ലോകത്താ? ചാലിയാറിലൂടെ ഒരു പാട് വെള്ളം ഒഴുകിപ്പോയി കൂട്ടരേ!

മുസ്‌ലിം ലീഗിനെ ബോധവത്കരിക്കാൻ മലപ്പുറത്തെ പ്രസംഗകന്മാർ കിണഞ്ഞു ശ്രമിച്ചിട്ടുണ്ട്. കുറെ പ്രലോഭനങ്ങൾ, പ്രകോപനങ്ങൾ, ഒടുവിൽ ചില ഭീഷണികളും. സുന്നി സമൂഹം മുഴുക്കെ തങ്ങളുടെ പിന്നിലാണെന്നു ലീഗിനെ ബോധ്യപ്പെടുത്താൻ ചെറുശ്ശേരി മുസ്‌ലിയാർ പാടുപെടുന്നതു കണ്ടപ്പോൾ സങ്കടം തോന്നി, വയസ്സു കാലത്ത് കിട്ടിയപണി. സ്വാഗതപ്രസംഗകൻ തന്നെ മുൻകൂർ ജാമ്യം എടുത്തു തുടങ്ങിയിരുന്നു. വന്നവരിൽ 25 ശതമാനമേ സദസ്സിൽ ഇരിക്കുന്നുള്ളൂ, ബാക്കി റോഡിൽ നിൽക്കുകയാണ് എന്ന് ഇയാൾ വിളിച്ചു പറഞ്ഞു. (ഇവർ എന്തൊക്കെ അസംബന്ധങ്ങളാണ് പറയുന്നത് എന്നറിയാൻ വന്നവർ എങ്ങനെയാണ് സദസ്സിൽ കടന്നിരിക്കുക?) ചെറുശ്ശേരി മുസ്‌ലിയാർ ഇതേ കാര്യം വിശദീകരിച്ചപ്പോൾ സംഗതി വെടിപ്പായി. 'മറ്റുള്ളവർ സമ്മേളനം നടത്തിയാൽ മുഴുവൻ ആളുകളും സമ്മേളിക്കും. ഞങ്ങളുടെയാളുകൾ പത്തു ശതമാനമേ വരൂ; ബാക്കി വീട്ടിൽ കിടന്നുറങ്ങുകയാ!' എൻകൗമിയം സമ്മേളനത്തിന്റെ വൻ ജനസാന്നിധ്യത്തിന്റെ നൂറയലത്തു നിൽക്കാത്ത ശുഷ്കമായ സദസ്സിനുള്ള ന്യായീകരണം. കൊള്ളാം, വോട്ടെടുപ്പിന്റെ അന്നും ഈ നല്ല അനുയായികൾ ഇതുതന്നെയാണ് ചെയ്തതെങ്കിൽ ബെസ്റ്റ്. വീട്ടിൽ കിടന്നാൽ മാത്രമല്ല; നാട്ടിലിറങ്ങി നടന്നാലും ഉറങ്ങുന്ന ഒരു കൂട്ടരെ മുസ്‌ലിം ലീഗ് ഒരിക്കലും കൈവിടരുത്, ഉറക്കം ആരോഗ്യത്തിനു വളരെ നല്ലതാണല്ലോ. ഇങ്ങനെ ഉറങ്ങിയിട്ടാണല്ലോ രണ്ടു പാർലിമെന്റ് മണ്ഡലങ്ങൾ പൂപോലെ ജയിപ്പിച്ചു കൊടുത്തത്, പടച്ച തമ്പുരാനേ, ഇവരെക്കൊണ്ടു തോറ്റു.

നിങ്ങൾക്ക് ഞങ്ങൾ മതി, മറ്റാരെയും നോക്കേണ്ട എന്നാണ് ഇകെ സമസ്ത നേതാക്കൾ മുസ്‌ലിം ലീഗിനോട് പറയുന്നതിന്റെ പൊരുൾ. രാഷ്ട്രീയത്തിൽ ആൾബലമാണ് കാര്യം. മുപ്പത്താറു മീറ്റർ ഓയിൽ തുണികൊണ്ടു കേമമായി തലപ്പാവ് കെട്ടിയാലും പോളിംഗ് സ്റ്റേഷനിൽ വോട്ട് ഒന്നേയുള്ളൂ. എത്ര പേർ അനുകൂലമായി ഏറെ കുത്തുന്നോ അവർക്കാണു വിജയം. 'ഞാനും ഒരു തട്ടാനും' എന്ന ആശയം രാഷ്ട്രീയത്തിൽ അസംബന്ധമാണ്. ലീഗിന്റെ അതിർത്തിക്കല്ലിനകത്ത് കയറി നിന്ന് ചുറ്റും വേലികെട്ടി ഇവിടെ ഞങ്ങൾ മതി എന്നു തീരുമാനിക്കാൻ തലപ്പാവിനകത്ത് വിശേഷിച്ചൊന്നും വേണമെന്നില്ല. പക്ഷേ, രാഷ്ട്രീയപ്പാർട്ടികൾക്കു മനസ്സിലാകും ഈ കോപ്രായത്തിനു പിന്നിലെതമാശ. പൊന്നാനിയിൽ ഒരു സുന്നി പ്രവർത്തകൻ മത്സരിക്കുമ്പോൾ തന്നെ ലീഗ് സ്ഥാനാർഥികളും നേതാക്കളും സുന്നി നേതൃത്വത്തെ കാണുകയും നിരന്തരം വോട്ടഭ്യർഥിക്കുകയും ചെയ്തിട്ടുണ്ട്. അതാണ് രാഷ്ട്രീയം. ഫലം വന്ന ശേഷം മുസ്‌ലിംലീഗ് നേതൃത്വം സുന്നി വോട്ടുകൾ തങ്ങൾക്ക് കിട്ടിയെന്നു സമ്മതിച്ചിട്ടുമുണ്ട്, സംഘടനാ പരമായി സഹകരിച്ചില്ല എന്നു പറഞ്ഞത് ശരിയാണ്, അങ്ങനെ ഒരുറപ്പ് ലീഗിന് എന്നല്ല ഒരു പാർട്ടിക്കും മുന്നണിക്കും സുന്നി നേതൃത്വം കൊടുത്തിട്ടില്ല; കൊടുക്കാത്തത് കിട്ടില്ലല്ലോ. വയനാട്ടിൽ തിരഞ്ഞെടുക്കപ്പെട്ട എം ഐ ഷാനവാസ് മർകസിൽ നേരിട്ടുവന്നു നേതാക്കളെകാണുകയും കൃതജ്ഞത അറിയിക്കുകയും ചെയ്തിട്ടുണ്ട്. ഇകെ സമസ്തക്കാരെ സംബന്ധിച്ചിടത്തോളം ഇതൊരു നീണ്ട രാത്രിയാണ്. ഇവർക്കു പുലരാൻ ഇനിയും ഏറെ നേരമെടുക്കും. ഉറങ്ങിത്തെളിയട്ടെ; എല്ലാം നേരെയായിക്കൊള്ളും. (*അവസാനിച്ചു*)

gulf risala

@ KSA ON 12th June 2009